# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2428 17.08.2017-ലെ മറുപടി**

**കബനി നദീജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ.ആർ.കേളു | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

എ)ജലസേചന വകുപ്പ് മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1.തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ പാൽവെളിച്ചമെന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കൽ
2. തൊർനാട് ഗ്രാമപഞ്ചായത്തിൽ പാലേരി തോടിന്റെ പാർശ്വസംരക്ഷണ പ്രവൃത്തികൾ
3. തൊർനാട്ഗ്രാമ പഞ്ചായത്തിൽ മട്ടിലയം തോടിന്റെ പാർശ്വസംരക്ഷണ പ്രവൃത്തികൾ
4. പനമരം ഗ്രാമപഞ്ചായത്തിൽ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
5. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കരിമാൻ തോട് വാരാമ്പറ്റ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ
6. എടവക ഗ്രാമപഞ്ചായത്തിൽ പായോട് സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വലതുകര കനാലിന്റെ റിപ്പയറും പൈപ്പ് പുന:സ്ഥാപിക്കലും
7. തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ മാനിക്കൊല്ലി പോത്തുമൂല ചെക്ക് ഡാം നിർമ്മാണം
8.വെള്ളമു ണ്ട ഗ്രാമപഞ്ചായത്തിലെ കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ

താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചു വരുന്നു.

1. പനമരം പഞ്ചായത്തിൽ കുറവിലങ്ങാട് പുഴക്ക് കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കൽ.
2. പനമരം പഞ്ചായത്തിൽ മലങ്കര പാറക്ക ടവ് സ്ഥലത്ത് വെണ്ണിയോട് പുഴക്ക് കുറുകെ ഒരു റെഗുലേറ്റർ ബ്രിഡ്ജ്

നിർമ്മിക്കൽ

3. വെള്ളമുണ്ട പഞ്ചായത്തിൽ വാരാമ്പറ്റ എന്ന സ്ഥലത്ത് കരമാൻ തോടിന് കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കൽ

4. പനമരംപഞ്ചായത്തിൽ വാകയാട് എന്ന സ്ഥലത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

5. വെള്ളമുണ്ട പഞ്ചായത്തിൽ മൊതക്കര എന്ന സ്ഥലത്ത് മൊതക്കര പുഴക്ക് കുറുകെ മൂന്നു ചെക്ക് ഡാം നിർമ്മിക്കൽ

കൂടാതെ മാനന്തവാടി മണ്ഡലത്തിൽ തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ പദ്ധതികളുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ട്.

ബാണാസുര സാഗർ പദ്ധതിയിൽ കനാലുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (ബി) കബനി നദീജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; | | ബി) | കാവേരി ജല തർക്ക ട്രൈബ്യൂണൽ വിധിയനുസരിച്ച് കബനി ബേസിനിൽ അനുവദിക്കപ്പെട്ട 21 TMC ജലം ഉപയോഗപ്പെടുത്തുന്നതിന് കാരാപ്പുഴ പദ്ധതി ബാണാസുര സാഗർ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ മൈനർ ഇറിഗേഷൻ പ്ലാൻസ് സ്കീമിൽ ഉൾപ്പെടുത്തി 2014 – 15 സാമ്പത്തിക വർഷം 3 ചെക്ക്ഡാമുകൾക്കും ,2015 – 16 സാമ്പത്തിക വർഷം 2 ആർസിബികൾക്കും 2016 – 17 സാമ്പത്തിക വർഷം 24 ചെക്ക്ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവയ്ക്കും നബാഡ് സ്കീമിൽ ഉൾപ്പെടുത്തി രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും രണ്ട് ആർസിബികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| സി) വരൾച്ച മുന്നിൽ കണ്ട് കബനി നദീ ജലം കാര്യക്ഷമമായി ഉപയോഗിക്കേണ്ട അടിയന്തര സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ